വീട്ടിൽ മൈക്കിൾ മകൻ ജോയി എന്നിവരാണ് പ്രതികൾ. ടി സംഭവത്തോടനുബന്ധിച്ച് കട്ടപ്പന പോലീസ് സ്റ്റേഷനിൽ ഇ.ശി.നി. 451, 323, 324 വകുപ്പുകൾ പ്രകാരം ക്രൈം 514/99 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 14.12.99 -ൽ പ്രതികളെ അറസ്റ്റുചെയ്ത് പ്രതികൾ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്.

(സി) കട്ടപ്പന പോലീസ് സ്റ്റേഷൻ എ.എസ്.ഐ. ആണ് അന്വേഷണ ഉദ്യോഗസ്ഥൻ.

60 (1655) പോലീസിന്റെ കൈയിൽനിന്നും ആയുധം തട്ടിയെടുത്ത സംഭവങ്ങൾ

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ കൈയിൽനിന്നും ആയുധം ബലം പ്രയോഗിച്ച് കൈവശപ്പെടുത്തിയ സംഭവം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സംഭവങ്ങൾ;

(സി) ഇതിൽ എത്ര സംഭവങ്ങളിൽ ആയുധം തിരിച്ചുകിട്ടിയിട്ടുണ്ട്;

(ഡി) ഈ സംഭവങ്ങളിൽ ആർക്കൊക്കെ എതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) പേരാമംഗലം എസ്.ഐ. മട്ടന്നൂർ എസ്.ഐ., ഹെഡ് കോൺസ്റ്റബിൾ വാസുദേവൻ നമ്പൂതിരി എന്നിവരുടെ റിവോൾവറുകൾ അക്രമികൾ ബലം പ്രയോഗിച്ച് തട്ടിയെടുത്തതായി പരാതി ഉണ്ടായിട്ടുണ്ട്. 25.6.1998-ന് പേരാമംഗലം എസ്.ഐ. യുടെ റിവോൾവർ തട്ടിയെടുത്ത സംഭവത്തിൽ ബാബു, സതീശൻ, മോഹനൻ തുടങ്ങി 75 ഓളം ബി.ജെ.പി. പ്രവർത്തകർക്കെതിരെ പട്ടാമ്പി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 261/98 നമ്പരായി കേസ്സ് എടുത്തിട്ടുണ്ട്. 1.12.1999-ന് മട്ടന്നൂർ എസ്.ഐ. യുടെ റിവോൾവർ തട്ടിയെടുത്ത സംഭവത്തിൽ കണ്ടാലറിയാവുന്ന 50-ഓളം ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 330/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹെഡ്കോൺസ്റ്റബിൾ വാസുദേവൻ നമ്പൂതിരിയുടെ റിവോൾവർ തട്ടിയടുത്തു എന്ന പരാതിയിൻമേൽ പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 252/99 നമ്പരായി കേസ്സെടുത്തിട്ടുണ്ട്. ഇതിൻമേൽ അന്വേഷണം നടന്നുവരുന്നു.

61 (1656) മുഹമ്മദ് സിറാജുദ്ദീന്റെ മരണം

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 1-ാം തീയതി ദുരൂഹസാഹചര്യത്തിൽ കാണാതാവുകയും അന്ന് വൈകിട്ട് കാസർഗോഡ് കാവുഗോളി കടപ്പുറത്ത് മരണപ്പെട്ട നിലയിൽ കാണപ്പെടുകയും ചെയ്ത എരിയാലിയെ മുഹമ്മദ് സിറാജുദ്ദീന്റെ

LIBRARY ARCHIVES Kerala Legislative Assembly